# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5233 26.03.2018ൽ മറുപടി നൽകേണ്ടത്.

## എയ്ഡഡ് പദവി നൽകിയ സ്പെഷ്യൽ സ്കൂളുകൾ

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.പി.ജെ.ജോസഫ്<br>ശ്രീ.മോൻസ് ജോസഫ്<br>ഡോ.എൻ.ജയരാജ് | | | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർ, ഓട്ടിസം ബാധിച്ചവർ, സെറിബ്രൽ പാൾസി വിഭാഗത്തിൽപ്പെടുന്ന കുട്ടികൾ പഠിക്കുന്ന സ്കൂളുകളിൽ നിന്ന് തെരഞ്ഞെടുത്ത 33 സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകി സർക്കാർ ഉത്തരവ് ഇറങ്ങി രണ്ട് വർഷം പിന്നിട്ടിട്ടും തുടർ നടപടികൾ സ്വീകരിച്ചിട്ടില്ലായെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്നതും നൂറ് വിദ്യാർത്ഥികളിൽ കൂടുതലുള്ളതുമായ 33 സ്പെഷ്യൽ സ്കൂളുകൾക്ക് 09.02.2016-ലെ സ.ഉ.(എം.എസ്) നം.38/2016/പൊ.വി.വ എന്ന ഉത്തരവ് പ്രകാരം എയ്ഡഡ് പദവി അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ ബഡ്സ് സ്കൂളുകളടക്കമുള്ള ഈ വിഭാഗത്തിൽപ്പെട്ട എല്ലാ സ്പെഷ്യൽ സ്കൂളുകളേയും സംബന്ധിച്ച ഒരു സമഗ്ര പാക്കേജിന് രൂപം നൽകാൻ സർക്കാർ തീരുമാനിക്കുകയും അതിനായി സാമൂഹ്യനീതി വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിരിക്കുകയുമാണ്. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ നിർദ്ദേശങ്ങൾ പരിശോധിച്ച് ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (ബി) | നടപ്പുസാമ്പത്തിക വർഷം അവസാനിക്കുന്നതിനു മുൻപ് ഈ വിഷയത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ